**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **21-06-2024 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റി എൽ.ജി.എസ്. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 29/09/2015-ലെ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുള്ളതും കേരളത്തിലെ സർവകലാശാലകളിലെ അനദ്ധ്യാപക ഒഴിവുകളിൽ ഉൾപ്പെട്ടതുമായ എൽ.ജി.എസ്. തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സർവ്വകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി PSC-യിലേക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>എം.ജി. സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിലെ 20 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയാണ് നിലവിലുള്ളത്. ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ വിഭാഗത്തിൽ 36 അംഗീകൃത തസ്തികകളാണുള്ളത്. ടി തസ്തികയിൽ നിലവിലുള്ള 23 ഒഴിവുകളിൽ 22 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കു പ്രൊമോഷൻ അനുവദിച്ചതിനെ തുടർന്ന് 04.05.2024 ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ വന്ന ഒരു ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിൽ 29.09.2015 ന് ശേഷം സ്ഥിരനിയമനം നടത്തിയിട്ടില്ല.<br><br>കുസാറ്റിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്ക് നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യതകൾ, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവ സംബന്ധിച്ച വിഷയം സർവ്വകലാശാല ഭരണസമിതിയായ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |

കുസാറ്റിൽ താത്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടില്ല. ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെ ചേർക്കുന്നു :

1. സ്വീപ്പർ കം ക്ലീനർ – 43
2. ഓഫീസ് അറ്റൻഡന്റ് - 3
3. ലാസ്കർ – 1
4. ബോട്ട്മാൻ – 1

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ലാസ്റ്റ് ഗ്രേഡിലെ എല്ലാ തസ്തികകളും ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ്. നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 15 ഒഴിവുകളുണ്ട്. അതിൽ 13 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്തുന്നതിനു മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം പുനഃനിശ്ചയിച്ചിട്ടുള്ളതിനാൽ മുമ്പ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി. -യിൽ നിന്നും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് ബാക്കിയുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതാണ്. ടി ഒഴിവുകൾ കൂടാതെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 10 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 29.09.2015 ന് ശേഷം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

നുവാൽസിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്ന് തസ്തികകൾ നാമകരണം ചെയ്തിട്ടില്ലാത്തതിനാൽ ലാസ്റ്റ് ഗ്രേഡ് എന്ന പേരിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സ്വീപ്പർ കം ക്ലീനർ എന്ന തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ എൽ.ജി.എസ്. വിഭാഗത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഒഴിവുകൾ ഇല്ല. മലയാള സർവകലാശാലയിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ സർവകലാശാല ആസ്ഥാനത്ത് 8 ഉം സർവകലാശാല ക്യാമ്പസ്സിൽ 5 ഉം തസ്തികകളാണ് നിലവിലുള്ളത്. 01.01.2006 തീയതിയിലെ GO(Ms)No.1/2006/Hedn നമ്പർ ഉത്തരവ് പ്രകാരം,

പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് ഔട്ട് സോഴ്സിംഗ് മുഖേനയായതിനാൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വാഹമില്ല.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സ്ഥിരം നിയമനത്തിന് എൽ.ജി.എസ്. ഒഴിവുകൾ സൃഷ്ടിച്ചിട്ടില്ല. എം.ടി.എസ്. തസ്തികയിൽ താത്കാലികമായി 10 ഒഴിവുകൾ മാത്രമാണുള്ളത്.

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള 17 ഓഫീസ് അറ്റൻഡന്റ് തസ്തികകളും പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള ഫിഷറീസ്-സമുദ്രപഠന സർവകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽപ്പെടുന്ന 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകളും ബസ് അറ്റൻഡന്റിന്റെ 1 ഒഴിവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തിയിട്ടുള്ളത്. നിയമന കാലാവധിക്കു ശേഷം ജീവനക്കാരെ വിടുതൽ ചെയ്തിട്ടുമുണ്ട്. ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

കേരളാ വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ എൽ.ജി.എസ്. തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവ്വകലാശാലയിൽ ടി തസ്തികയിലെ താത്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടില്ല. 29.09.2015 ന ശേഷം ടി തസ്തികയിലെ 53 ഒഴിവുകൾ മേൽപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള കാർഷിക സർവകലാശാലയിലെ എൽ.ജി.എസ്. വിഭാഗത്തിലുള്ള 271 തസ്തികകളിൽ കെ.എ.യു. സ്റ്റാറ്റ്യൂട്ട് പ്രകാരം 50% നേരിട്ടുള്ള നിയമനം വഴിയും 50% ആഭ്യന്തര നിയമനം വഴിയും നികത്തേണ്ടവയാണ്. അതനുസരിച്ച് 271 തസ്തികകളിൽ 136 തസ്തികകൾ നേരിട്ടുള്ള നിയമനത്തിനുള്ളതാണ്. കെ.പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത 6 ഒഴിവ് അല്ലാതെ നേരിട്ടുള്ള നിയമനത്തിനായി നീക്കി വെച്ച മറ്റെല്ലാ ഒഴിവുകളിലും അപ്രകാരം നിയമിക്കപ്പെട്ടവർ തന്നെയാണ് നിലവിൽ ജോലി ചെയ്തുവരുന്നത്. എൽ.ജി.എസ്. വിഭാഗത്തിലെ 6 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയിൽ താൽക്കാലിക നിയമനം

| | | | |
|---|---|---|---|
| | | | നൽകിയ ആർക്കും തന്നെ സ്ഥിര നിയമനം നൽകിയിട്ടില്ല. |
| (ബി) | 29.09.2015-ന് ശേഷം നിലവിൽ വന്ന ഒഴിവുകളും ഈ തീയതിക്ക് ശേഷം സ്ഥിരപ്പെടുത്തിയ താൽക്കാലിക നിയമനങ്ങളും ഉൾപ്പെടെ ഏതൊക്കെ തസ്തികകളിലായി, യൂണിവേഴ്സിറ്റി എൽ.ജി.എസ്. പരിധിയിൽ വരുന്ന തസ്തികകളിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ